**അല്പകാലം മാത്രം ഈ ഭുവിലെ വാസം**
**സ്വർപ്പുരമാണെന്റെ നിത്യമാം വീട് എന്റെ**

1. എൻ പ്രയാണകാലം നാലുവിരൽ നീളം
   ആയതിൻ പ്രതാപം കഷ്ട മാത്രം
   ഞാൻ പറന്നു വേഗം പ്രിയനോടു ചേരും
   വിൺ മഹിമ പ്രാപിച്ചെന്നും
   വിശ്രമിച്ചിടും - എന്നും - അല്പകാലം
2. പാളയത്തിനപ്പുറത്തു കഷ്ടമേൽക്കുക
   നാം പാടുപെട്ട യേശുവിന്റെ നിന്ദചുമക്കാം
   നിൽക്കും നഗരമില്ലിവിടെ
   പോർക്കളത്തിലത്രേ നാം
   നിൽക്കവേ     പോർപൊരുതു
   യാത്ര തുടരാം വേഗം - അല്പകാലം
3. മുത്തുമയമായ് വിളങ്ങും പട്ടണമാണതു
   പുത്തനെരുശലേം പുരം തത്ര ശോഭിതം
   വീഥി സ്വചരസ്ഫടിക തുല്യം തങ്കനിർമ്മിതമാം
   പട്ടണമതിന്റെ ഭംഗി വർണ്ണ്യ മല്ലഹോ
   ഭംഗി അല്പകാലം
4. നാടുവിട്ടു വീടു വിട്ടു നാമധേയ കൂട്ടം വിട്ടു
   കാഠിന്യമാം ശോധനയിൽ യാനം ചെയ്തോരായ്
   കൂടി ഒന്നായ് വാഴാൻ വാഞ്ഛിച്ചെത്ര നാളായ്
   കാരുണ്യവാൻ പണികഴിച്ച കൊട്ടാരം
   തന്നിൽ ആ - അല്പകാലം
5. പാവനമാം പട്ടണത്തിലാരു കടന്നീടും
   പാപമറ്റ ജീവിതം നയിച്ചവരല്ലോ
   നീതിയായ് നടന്നു നേർപറഞ്ഞു മന്നിൽ
   പാതിവ്രത്യമുള്ള മണവാട്ടി മാത്രമേ
   മണ - അല്പകാലം

**Alpakaalam maathram ee bhoovile vaasam**
**Sworpuramanente nithyamam veedu - ente**

1. En prayaanakalam naaluviral neelam
   Aayathin prathaapam kashtatha maathram
   Njaan parannu vegam priyanodu cherum
   Vinmahima praapichennum visrami
   chidum-ennum-alpa
2. Paalayathinappurathu kashtamelkkuka naam
   Paadupetta yesuvinte ninna chumakkaam
   Nilkkum nagaramillivde porkkalathil lathre naam
   Nilka veenda por poruthu yaathra
   thudaram-vegam-Alpa
3. Muthumayamai vilangum pattanamaanathu
   Puthanerusslaem puram thathra ssobhitham
   Veedhi swachaspadikathulyam thanka nirmithamaam
   Pattanamathinte bhangi varnyamallaho-bhangi-alpa
4. Naaduvittu veeduvittu namadhaya kottam vittu
   Kaadinyamaam ssodhanayil yaanam cheythorai
   Koodi onnai vaazhaan vaanchichetra naalai
   Kaarunyavan panikazhicha kottaaram thannil-aa-Alpa
5. Paavanamaam pattanathilaaru kadanneedum
   Paapamatta jeevitham nayichavarallo
   Neethiyai nadannu nerparanju mannil
   Paathivrithyamulla manavaatti maathrame-mana-Alpa